/91849/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/530/2022-ICDS A9

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 19-04-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിതശിശുവികസനഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ആഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ചായം പദ്ധതി പ്രകാരമുള്ള അങ്കണവാടി നവീകരണം- Expenditure statement, UC എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച്:-

സൂചന:-
1. ഈ കാര്യാലയത്തിലെ 16/09/2021 തീയതിയിലെ ICDS/A9-5906/21 നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 12/12/2022 തീയതിയിലെ DWCD/530/2022-ICDS A9 നമ്പർ ഉത്തരവ്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2021-22 സാമ്പത്തിക വർഷം ചായം പദ്ധതി പ്രകാരം 258 അങ്കണവാടികൾ 2 ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിന് സൂചന (1) പ്രകാരം തുക അനുവദിച്ചിരുന്നു. ടി അങ്കണവാടികളിൽ 2021-22 സാമ്പത്തിക വർഷം നവീകരണം പൂർത്തീകരിക്കാത്തവയ്ക്ക് നവീകരണം പൂർത്തീകരിക്കുന്നതിനും ബിൽ തുക മാറിനൽകുവാൻ സാധിക്കാത്ത പ്രോജക്ടുകൾക്ക് ബിൽ തുക മാറി നൽകുന്നതിനുമായി 2022-23 സാമ്പത്തിക വർഷം സൂചന (2) പ്രകാരവും തുക അനുവദിച്ചിരുന്നു. ചായം പദ്ധതി പ്രകാരം നവീകരണാനുമതി നൽകിയിട്ടുള്ള 258 അങ്കണവാടികൾക്ക് സൂചന (1) (2) പ്രകാരം അനുവദിച്ചിട്ടുള്ള തുകയിൽ നവീകരണത്തിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ശിശുവികസനപദ്ധതിആഫീസർമാരിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിശ്ചിതപ്രൊഫോർമയിൽ 24/04/2023 നകം ലഭ്യമാക്കേണ്ടതാണ്. സമയപരിധി കർശനമായും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Sende

For വനിത ശിശു വികസന ഡയറക്ടർ

<u>പകർപ്പ്</u>

എല്ലാ സിഡിപിഒമാർക്കും

## പ്രൊഫോർമ

2021-22 സാമ്പത്തിക വർഷം ചായം പദ്ധതി പ്രകാരം നവീകരണാനുമതി നൽകിയ 258 അങ്കണവാടികളുടെ നവീകരണത്തിനായി 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയിൽ ആകെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ

ജില്ല -

| ക്രമ നം | പ്രോജക്ട് | പഞ്ചായത്ത് | സെന്റർ നം | അനുവദിച്ച തുക | ചെലവഴിച്ച തുക | | ബാലൻസ് | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | | കേന്ദ്ര വിഹിതം (60%) | സംസ്ഥന വിഹിതം (40%) | കേന്ദ്ര വിഹിതം (60%) | സംസ്ഥന വിഹിതം (40%) | |
| 1 | | | | | | | | | |

/91850/2023

**<u>ധനവിനിയോഗസാക്ഷ്യപത്രം</u>**

2021-22 സാമ്പത്തിക വർഷം വനിതശിശുവികസനഡയറക്ടറുടെ ----------------തീയതിയിലെ ---------------- - നം ഉത്തരവ് പ്രകാരം ചായം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണാനുമതി ലഭ്യമായിരുന്ന --------- ഐസിഡിഎസ്സ് പ്രോജക്ടിലെ -----------പഞ്ചായത്തിലെ --------- നമ്പർ അങ്കണവാടിയുടെ നവീകരണപ്രവൃത്തിയിലേയ്ക്ക് -------------തുക വിനിയോഗിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ശിശുവികസനപദ്ധതിആഫീസർ

Countersigned by

പ്രോഗ്രാം ആഫീസർ